ഉത്തരം

(എ) ജീവചരിത്രം, ചരിത്രം, നാടൻ കലാരൂപങ്ങൾ എന്നീ മേഖലകളിലായി 15 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പുസ്തകങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 6 (ആറ്) പുസ്തകങ്ങൾ ഈ മേഖലകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പെരുമ്പാവൂർ-ഇരിങ്ങോൾ കലാഗ്രാമത്തിന്റെ ശോചനീയാവസ്ഥ

51 (4090) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലളിതകലാ അക്കാദമിയുടെ കീഴിലായിരുന്ന പെരുമ്പാവൂർ ഇരിങ്ങോൾ കലാഗ്രാമത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കലാഗ്രാമത്തിൽ ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കലാഗ്രാമം വിപുലീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരക്കുമോ ?

ഉത്തരം

(എ-സി) പെരുമ്പാവൂർ നഗരസഭയുടെ വകയായുള്ള ഇരിങ്ങോൾ നാഗത്ത്ചേരിമന 1993 മുതൽ 10 വർഷത്തേയ്ക്ക് ലളിതകലാ അക്കാദമി 'കലാഗ്രാമം' എന്ന പേരിൽ ആർട്ടിസ്റ്റ് വർക്ക്ഷോപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി പാട്ടത്തിനെടുക്കുകയായിരുന്നു. പാട്ടക്കാലാവധി നീട്ടിത്തരണമെന്ന അക്കാദമിയുടെ അഭ്യർത്ഥന നഗരസഭ നിരസിക്കുകയും വസ്തു വകകൾ ഏറ്റെടുക്കുകയും ചെയ്തതിനാൽ കലാഗ്രാമം തുടർന്നു നടത്താൻ കഴിയാത്ത അവസ്ഥയായി.

ശബരിമല തീർത്ഥാടകർക്ക് വിരി വയ്ക്കുവാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്ന ഭൂമി

52 (4091) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ മരക്കൂട്ടത്ത് അടിക്കാട് വെട്ടി ശബരിമല തീർത്ഥാടകർക്ക് വിരിവയ്ക്കുവാൻ ആവശ്യമായ വന ഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്നുവോ ;

---

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഭൂമി സൗജന്യമായി ഉപയോഗിക്കുന്നതിന് ഭക്തജനങ്ങളെ അനുവദിക്കുകയായിരുന്നുവോ ; അതോ കോൺട്രാക്ടർക്ക് കൈമാറുകയാണോ ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(സി) എന്ത് തുകയാണ് ഈ കോൺട്രാക്ടർക്ക് നൽകിയത് ;

(ഡി) ഈ ഭൂമി ഉപയോഗിച്ച ഓരോ ഭക്തൻമാരിൽ നിന്നും കോൺട്രാക്ടർ എന്ത് തുക വീതം വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്ക് വിശ്രമ സൗകര്യം ഒരുക്കുന്നതിന് മരക്കൂട്ടത്ത് 20 ഹെക്ടർ വനഭൂമിയിൽ താൽക്കാലിക ടെന്റുകൾ നിർമ്മിക്കുവാൻ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി വനം വകുപ്പ് മന്ത്രാലയം ദേവസ്വം ബോർഡിന് അനുവാദം കൊടുത്തിരുന്നു.

(ബി) വനഭൂമിയിൽ താൽക്കാലിക ടെന്റുകൾ നിർമ്മിച്ച് നാമമാത്രമായ വാടക ഈടാക്കി തീർത്ഥാടകർക്ക് വിരി വയ്ക്കുവാൻ നൽകുന്നതിനുള്ള അവകാശം 2001-2002 ഉൽസവകാലയളവിൽ ദേവസ്വം ബോർഡ് ലേലം ചെയ്ത് നൽകിയിരുന്നു.

(സി) മരക്കൂട്ടത്ത് 20 ഹെക്ടർ വനഭൂമിയിലും വലിയാനവട്ടത്ത് 2.76 ഹെക്ടർ വനഭൂമിയിലും താൽക്കാലിക ടെന്റുകൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനുള്ള അവകാശം 3,50,100 രൂപയ്ക്കാണ് ലേലം ചെയ്ത് നൽകിയിരുന്നത്. എന്നാൽ വനം വകുപ്പിന്റെ നിർദ്ദേശാനുസരണം വലിയാനവട്ടത്തുള്ള ഭൂമി ലേലത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മരക്കൂട്ടത്തുള്ള വനഭൂമിയിൽ തന്നെ ഉപയോഗയോഗ്യമായ 2.56 ഹെക്ടർ വനഭൂമി മാത്രമേ ലേലക്കാരന് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിരുന്നുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ, ഉപയോഗിക്കുവാൻ കഴിയാതിരുന്ന ഭൂമിക്ക് ആനുപാതികമായ ലേലതുക തിരികെ ലഭിക്കുന്നതിലേക്ക് കുത്തകക്കാരൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതിനിർദ്ദേശം അനുസരിച്ച് 3,03,683 രൂപയും 12% പലിശയും കുത്തകക്കാരന് തിരികെ നൽകിയെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) വിരി വയ്ക്കുന്നതിന് ഒരു ഭക്തനിൽ നിന്നും 24 മണിക്കൂർ നേരത്തേക്ക് 10 രൂപ ക്രമം ഈടാക്കുന്നതിനാണ് കരാറുകാരന് ദേവസ്വം ബോർഡ് അനുമതി നൽകിയിരുന്നത്.

ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രങ്ങൾ

53 (4092) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എത്ര ക്ഷേത്രങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കണ്ണൂർ ജില്ലയിൽ എച്ച്. ആർ. ആന്റ് സി. ഇ. യുടെ കീഴിൽ എത്ര ക്ഷേത്രങ്ങളും സ്ഥാപനങ്ങളും ഉണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly